**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 437** **08-08-2023 - ൽ മറുപടിയ്ക്ക്**

**പുതിയ എക്സൈസ് ഓഫീസുകൾ അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി എക്സൈസ് ഓഫീസുകൾ അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. വലിയ അധികാര അതിർത്തിയുള്ള എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് 17എക്സൈസ് റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനായുള്ള എക്സൈസ് കമ്മീഷണറുടെ ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു . |
| (ബി) | മലയോരമേഖലകളായ വരന്തരപ്പിള്ളി, മറ്റത്തൂർ, തൃക്കൂർ പഞ്ചായത്തുകളെയും, പുതുക്കാട്, അളകപ്പനഗർ, പറപ്പൂക്കര തുടങ്ങിയ ഗ്രാമപഞ്ചായത്തുകളെയും പ്രവർത്തന അതിർത്തിയിൽ ഉൾപ്പെടുത്തി, പുതുക്കാട് കേന്ദ്രമാക്കി എക്സൈസ് റെയിഞ്ച് ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പറപ്പൂക്കര ,പുതുക്കാട് ,അളകപ്പനഗർ ,തൃക്കൂർ ,മുരിയാട് ,നെന്മണിക്കര തുടങ്ങിയ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുത്തി നിലവിലുള്ള ഇരിങ്ങാലക്കുട എക്സൈസ് റേഞ്ച് ഓഫീസ് വിഭജിച്ച് പുതുക്കാട് കേന്ദ്രമാക്കി പുതുക്കാട് എക്സൈസ് റേഞ്ച് ഓഫീസ് രണ്ടാം ഘട്ടമായി രൂപീകരിക്കുന്നത് ഉൾപ്പെടെ അധികാര അതിർത്തി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ മൂന്നു ഘട്ടങ്ങളിലായി രൂപീകരിക്കുന്നതിനായുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ പരിശോധിക്കുകയും ,ആയത് പരിഗണിക്കാൻ സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ല എന്നും, എക്സൈസ് കമ്മീഷണറുടെ ശുപാർശയിൽ ഒന്നാം ഘട്ടമായി പരിഗണിക്കേണ്ടുന്ന പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-2024 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും ആയതിനായി അടുത്ത സാമ്പത്തിക വർഷത്തിൽ വിശദമായി ശുപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ വലിയ അധികാര അതിർത്തിയുള്ള എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് 17 എക്സൈസ് റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ